**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6447. 08.07.2014 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യബസ്സുകളുടെ തരംതിരിവ്</u>

| <u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം | | <u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ ബസുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ,സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് എന്നിങ്ങനെ സർവ്വീസുകൾ തരംതിരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന് ഓരോന്നിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ; | (ബി) | 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 2(oa), ചട്ടം 2(ea), ചട്ടം 2 (യു.സി), ചട്ടം 2(ub) എന്നിവ പ്രകാരം നിയമാനുസൃതമായ അപേക്ഷകളിന്മേൽ , 140 കി.മീ.വരെ ദൈർഘ്യമുള്ള റൂട്ടുകളിൽ ഓർഡിനറി ബസുകൾക്കും 70 കി.മീറ്ററിനും 160 കി.മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ , ഫാസ്റ്റ്പാസഞ്ചർ ബസ്സുകൾക്കും 150 കി.മീറ്ററിനും 450 കി . മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ , സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും, 200 കി.മീ. കൂടുതൽ ദൈർഘ്യമുള്ള റൂട്ടുകളിൽ എക്സ്പ്രസ് ബസുകൾക്കും പെർമിറ്റ് നൽകാറുണ്ട് . എന്നാൽ 16.07.2013- ലെ ജി . ഒ. (പി) നം. 73/2013/ഗതാ. പ്രകാരം ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ് .ആർ . ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച് വിജ്ഞാപനം ചെയ്യുകയുണ്ടായി. |

<table>
<tr><td>(സി)</td><td>ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള ബസുകൾ എത്ര വർഷം കഴിയുമ്പോഴാണ് മാറ്റേണ്ടത് ;</td><td>(സി)</td><td>ഓർഡിനറി ഒഴികെ മറ്റെല്ലാ സർവ്വീസുകൾക്കും ഉപയോഗിക്കുന്ന ബസ്സുകൾ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 260A പ്രകാരം 5 വർഷം കാലാവധി പൂർത്തിയാകുമ്പോൾ മാറ്റി പുതിയ ബസ് ഉപയോഗിക്കേണ്ടതാണ്.</td></tr>
<tr><td>(ഡി)</td><td>ഓരോ വിഭാഗത്തിനും മിനിമം ചാർജ് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ കെ.എസ്. ആർ.ടി.സി.-ക്ക് അനുവദിച്ചിരിക്കുന്ന അതേ നിരക്കിൽ തന്നെയാണോ ഇവർക്കും അനുവദിച്ചിട്ടുള്ളത് ; ഓരോ വിഭാഗത്തിന്റെയും ഫെയർ സ്റ്റേജും, മിനിമം ചാർജ് നിരക്കും ഇനം തിരിച്ച് വ്യക്തമാക്കുമോ ;</td><td>(ഡി)</td><td>ഉണ്ട് ;<br>അതെ ;<br>വിവിധയിനം സർവ്വീസുകളുടെ മിനിമം നിരക്ക് സംബന്ധമായ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>സർവ്വീസിന്റെ ഇനം</th><th>മിനിമം നിരക്ക് (രൂപയിൽ)</th></tr>
<tr><td>ഓർഡിനറി / മൊഫ്യൂസൽ</td><td>7.00</td></tr>
<tr><td>സിറ്റി ഫാസ്റ്റ്</td><td>7.00</td></tr>
<tr><td>ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ /</td><td>10.00</td></tr>
<tr><td>സൂപ്പർ ഫാസ്റ്റ്</td><td>13.00</td></tr>
<tr><td>സൂപ്പർ എക്സ് പ്രസ്</td><td>20.00</td></tr>
<tr><td>സൂപ്പർ ഡീലക്സ് /സെമി സ്ലീപ്പർ</td><td>28.00</td></tr>
<tr><td>ലക്ഷ്വറി എയർകണ്ടീഷൻഡ്</td><td>40.00</td></tr>
<tr><td>വോൾവോ</td><td>40</td></tr>
</table>
1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 211 പ്രകാരം രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള അകലം 6.5 കി.മീറ്ററിൽ കൂടാൻ പാടില്ല. സാധാരണയായി രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം ഏകദേശം 2.5 കി.മീറ്റർ ആയി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ഫാസ്റ്റ് പാസ്സഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് യാത്രക്കാരുടെ ആവശ്യകതയും, സ്ഥലത്തിന്റെ പ്രാധാന്യവും സ്റ്റേജുകൾ തമ്മിലുള്ള അകലവും കണക്കിലെടുത്താണ് ഫെയർസ്റ്റേജ് നിശ്ചയിക്കുന്നത്.</td></tr>
<tr><td>(ഇ)</td><td>കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ഓരോ വിഭാഗത്തിലും ഉള്ള വാഹനങ്ങൾ ഓടിക്കുന്നതിന് മിനിമം പ്രവൃത്തി പരിചയം ഏർപ്പെടുത്തിയിട്ടുണ്ടോ ;</td><td>(ഇ)</td><td>കെ.എസ്.ആർ.ടി.സി.യുടെ വോൾവോ സർവ്വീസുകൾ ഓടിക്കുന്ന ഡ്രൈവർ മാർക്ക് ബന്ധപ്പെട്ട കമ്പനികൾ തന്നെ നേരിട്ട് പരിശീലനം നൽകിവരുന്നുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | വിശദമാക്കുമോ ; | | മറ്റു വിഭാഗം സർവ്വീസുകൾ 6 മാസം കൂട്ടുമ്പോൾ സീനിയോറിറ്റി പ്രകാരമുള്ള ഓപ്ഷനിലൂടെയാണ് ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കുമായി അനുവദിക്കുന്നത്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കായി പരിശീലന ക്ലാസുകളും അപകടമുണ്ടാക്കുന്ന ഡ്രൈവർമാർക്കായി കറക്ടീവ് ട്രെയിനിംഗും നടത്തിവരുന്നു. |
| (എഫ്) | സ്വകാര്യ ബസുകൾക്ക് ഇത് ബാധകമാക്കിയിട്ടുണ്ടോയെന്നും ഇത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നും അറിയിക്കുമോ ; നിയമലംഘനം സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ? | (എഫ്) | ബാധകമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.